വിവരങ്ങൾ നൽകുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് പ്രവൃത്തിയുടെ ഇരുവശവും ഭൂമി ഏറ്റെടുക്കേണ്ടതുമൂലം പുനർനിർമ്മിക്കേണ്ടി വരുന്ന കെട്ടിടങ്ങളുടെയും മതിലിന്റെയും വാല്യുവേഷൻ എസ്റ്റിമേറ്റ് കിഫ്ബിയിൽ നൽകിയിട്ടുണ്ട്. വനം വകുപ്പുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു.

**ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ നവീകരണം**

34(644) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും പൊതുമരാമത്ത് റോഡുകൾ നബാർഡിന്റെ ഫണ്ടിലുൾപ്പെടുത്തി നവീകരിക്കാൻ അനുമതി നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

അനുമതി നൽകിയിട്ടില്ല.

(ബി) താവുകുന്ന്-പോത്തുകുണ്ട്-നടുവിൽ റോഡ്, പുലിക്കുരുമ്പ- പുറഞ്ഞാൺ റോഡ് എന്നിവ ഈ ഫണ്ടിലുൾപ്പെടുത്തി നവീകരിക്കാൻ നടപടി സ്വീകരിക്കുമോ?

കരുവഞ്ചാൽ-വായാട്ടുപറമ്പ-പോത്തുകുണ്ട്-നടുവിൽ റോഡ് കി.മീ.3/600 മുതൽ 7/200 വരെ (ഹിൽ റോഡ്) ബി.എം. & ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി നബാർഡ് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കാവുന്നതാണ്.

(സി) നബാർഡിന്റെ ഫണ്ടുപയോഗിച്ച് മറ്റേതെങ്കിലും പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

അനുമതി നൽകിയിട്ടില്ല.

(ഡി) എങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശം വ്യക്തമാക്കാമോ?

ബാധകമല്ല.

**പട്ടിക്കാട് -ആക്കപറമ്പ് റോഡ് നവീകരണം**

35(645) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി നിയോജകമണ്ഡലത്തിൽ സംസ്ഥാന പാതയായ മുള്ള്യാകുർശ്ശി-പാണ്ടിക്കാട് റോഡിൽ പട്ടിക്കാട് മുതൽ ആക്കപറമ്പ് വരെ ഗതാഗതം ദുസ്സഹമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; പ്രസ്തുത ഭാഗങ്ങൾ വീതി കൂട്ടി ബി.എം. & ബി.സി. ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly